കേരള സർക്കാർ

സംഗ്രഹം

തദ്ദേശ സ്വയം ഭരണ വകുപ്പ് – കുടുംബശ്രീ – പുതുക്കിയ കുടുംബശ്രീ സി.ഡി.എസ് ബൈലോ പ്രകാരമുള്ള തെരഞ്ഞെടുപ്പ് നടപടികൾ പൂർത്തീകരിക്കുന്നതിന് അതാത് ജില്ലാ കളക്ടർമാരെ ചുമതലപ്പെടുത്തി ഉത്തരവ് പുറപ്പെടുവിക്കുന്നു.

തദ്ദേശ സ്വയം ഭരണ (ഐ.എ) വകുപ്പ്

സ.ഉ.(സാ)നം 3654/2008/തസ്വഭവ **തീയതി, തിരുവനന്തപുരം 16.10.2008**

പരാമർശം: (1) 08.08.2008 ലെ സ.ഉ(പി) നമ്പർ 222/08/തസ്വഭവ.
(2) കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടറുടെ 27.09.2008 ലെ കെ.എസ്.എ1/4359/08 നമ്പരിലുള്ള കുറിപ്പ്.
(3) 13.10.08 ലെ സ.ഉ(പി) നമ്പർ 272/08/തസ്വഭവ

ഉത്തരവ്

മേൽ ഒന്നാം പരാമർശിത ഉത്തരവിലൂടെ അംഗീകരിച്ച കുടുംബശ്രീ സി.ഡി.എസ് ബൈലോയിൽ അനുശാസിച്ച പ്രകാരം മേൽ 3–ാം പരാമർശിത ഉത്തരവിലൂടെ സി.ഡി.എസ് തെരഞ്ഞെടുപ്പ് നടപടി ചട്ടങ്ങൾ പുറപ്പെടുവിച്ച് ഉത്തരവായിട്ടു ്. കുടുംബശ്രീ ബൈലോ പ്രകാരമുള്ള സി.ഡി.എസ് തെരഞ്ഞെടുപ്പ് നടപടികൾക്ക് മേൽനോട്ടം വഹിക്കേ ത് അതാത് ജില്ലാ കളക്ടർമാരാണ്. ആയതിനാൽ കുടുംബശ്രീ തെരഞ്ഞെടുപ്പ് ചട്ടങ്ങളിൽ പറയുന്ന ചുവടെ ചേർത്തിട്ടുള്ള ചുമതലകൾ നിർവ്വഹിച്ച് കുടുംബശ്രീ സംഘടനാ സംവിധാനത്തിന്റെ തെരഞ്ഞെടുപ്പ് നടപടികൾ ബൈലോ അനുശാസിക്കും വിധം പൂർത്തീകരിക്കുന്നതിന് അതാത് ജില്ലാ കളക്ടർമാരെ ചുമതലപ്പെടുത്തി ഉത്തരവാകുന്നു.

(1) കുടുംബശ്രീ സി.ഡി.എസ് ബൈലോ അനുശാസിക്കും പ്രകാരം കുടുംബശ്രീ സംഘടനാ സംവിധാന തെരഞ്ഞെടുപ്പ് സ്വതന്ത്രവും നീതിയുക്തവുമായി നടക്കുന്നുവെന്ന് ഉറപ്പാക്കുക.

(2) ബൈലോയിൽ നിഷ്കർഷിച്ച പ്രകാരം കുടുംബശ്രീ സംഘടനാ തെരഞ്ഞെടുപ്പ് സമയബന്ധിതമായി പൂർത്തീകരിക്കുന്നതിന് പര്യാപ്തമായ രീതിയിൽ കുടുംബശ്രീ ജില്ലാ തെരഞ്ഞെടുപ്പ് ഉദ്യോഗസ്ഥ(ൻ), സി.ഡി.എസ് വരണാധികാരി, അസിസ്റ്റന്റ് വരണാധികാരി എന്നിവരുടെ നിയമനം.

(3) കുടുംബശ്രീ സംഘടനാ തെരഞ്ഞെടുപ്പ് സ്വതന്ത്രവും സുഗമവും നീതിയുക്തവുമായ രീതിയിൽ സമയബന്ധിതമായി നടക്കുന്നു എന്ന് ഉറപ്പാക്കൽ.

(4) തെരഞ്ഞെടുപ്പ് പരാതികളിൽ തീർപ്പുകല്പിക്കൽ.

ഗവർണറുടെ ഉത്തരവിൻപ്രകാരം

എസ്.എം.വിജയനാനന്ദ്
പ്രിൻസിപ്പൽ സെക്രട്ടറി

എല്ലാ ജില്ലാ കളക്ടർമാർക്കും
എക്സിക്യൂട്ടീവ് ഡയറക്ടർ, കുടുംബശ്രീ, തിരുവനന്തപുരം
എല്ലാ കുടുംബശ്രീ ജില്ലാ മിഷൻ കോ-ഓർഡിനേറ്റർമാർക്കും (കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടർ മുഖാന്തിരം).
അർബൻ അഫയേഴ്സ് ഡയറക്ടർ, തിരുവനന്തപുരം
പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
എല്ലാ കോർപ്പറേഷൻ/മുനിസിപ്പൽ സെക്രട്ടറിമാർക്കും (നഗരകാര്യ ഡയറക്ടർ മുഖാന്തിരം);
എല്ലാ ഗ്രാമപഞ്ചായത്ത് സെക്രട്ടറിമാർക്കും (പഞ്ചായത്ത് ഡയറക്ടർ മുഖാന്തിരം)
ഡയറക്ടർ, ലോക്കൽ ഫ ് ആഡിറ്റ്, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗ ന്റ് ജനറൽ (ആഡിറ്റ്), കേരള, തിരുവനന്തപുരം
അക്കൗ ന്റ് ജനറൽ (എ&ഇ), കേരള, തിരുവനന്തപുരം
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി.

അംഗീകാരത്തോടെ

സെക്ഷൻ ഓഫീസർ